ശ്രീ. കെ. ടി. അച്യുതൻ : ആ നിലയിൽ മുന്നോട്ടുപോകുവാൻ വളരെ പ്രയാസമാണു്. ഈ സഭാമെമ്പറന്മാരുടെ ചില പ്രതിനിധികളും തൊഴിലാളി പ്രതിനിധികളുമായി ഇതേപറ്റി കൂടിയാലോചനകൾ നടത്തി. കമ്പനി ആക്റ്റനുസരിച്ചു് രജിസ്റ്റർ ചെയ്ത കാർപ്പറേഷനായിതന്നെ തുടരുന്നതായിരിക്കും നല്ലതെന്നാണു് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്രകാലം ഇതു നഷ്ടത്തിൽ പ്രവർത്തിച്ചിട്ടുണ്ടു് ?

ശ്രീ. കെ. ടി. അച്യുതൻ: സർക്കാർ വളരെയധികം പണം മുടക്കിയിട്ടുള്ള ഇതു് നഷ്ടത്തിലാണു നടന്നിട്ടുള്ളതു്.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറുകൾ.

* 327. [15] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പുതുതായി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറുകൾ ആരംഭിക്കാനുദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) വടക്കേവയനാട്ടിൽ ഒരു സെൻറർ തുറക്കുന്ന കാര്യം പരിഗണിക്കുമോ ;

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഇല്ല.

(ബി) വടക്കേവയനാട്ടിൽ കെല്ലൂർ, വള്ളിയൂർക്കാവു എന്നീ രണ്ടു് സെൻറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു്. വേറെ സെൻറുകൾ തുറക്കുവാൻ ഉദ്ദേശമില്ല.

വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ.

* 328. [16] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടത്തിപ്പോരുന്ന പരിശീലനകേന്ദ്രങ്ങൾ എത്ര ; ഉൽപാദനകേന്ദ്രങ്ങൾ എത്ര ;

(ബി) അവിടെ ഉൽപാദന വസ്തുക്കൾ എന്തെങ്കിലും വിറ്റഴിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ലാഭമാണോ നഷ്ടമാണോ ;

(ഡി) നഷ്ടമാണെങ്കിൽ ലാഭകരമായ മറ്റേതെങ്കിലും പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ആകെ 99 പരിശീലന കേന്ദ്രങ്ങൾ ഉണ്ടു്. ഉൽപ്പാദനകേന്ദ്രങ്ങൾ ഒന്നുംതന്നെ ഇല്ല.

(ബി) ഈ പരിശീലന കേന്ദ്രങ്ങളിൽ വിദ്യാഭ്യാസം നടത്തിവരുന്ന ട്രെയിനികൾ പരിശീലനകാലത്തു നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാധനങ്ങൾ ലാഭമോ, നഷ്ടമോ കൂടാതെ വിറ്റഴിക്കാനാണ് ഗവണ്മെന്റ് നിർദ്ദേശം കൊടുത്തിരിക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : ഈ പരിശീലനകേന്ദ്രങ്ങളിൽ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇതുവരെ കെട്ടിക്കിടന്ന സാധനങ്ങൾ ഇനിയും ഉപയോഗിക്കുന്നതിനു കൊള്ളാവുന്നവയാണോ എന്നു പരിശോധിച്ചുനോക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ ഉത്തരം തന്നിട്ടുള്ളതു 1962 ജൂലൈമാസം വരെ വിറ്റഴിക്കുവാൻ കഴിയാത്ത സാധനങ്ങളെ സംബന്ധിച്ചാണ്. അതിനു ശേഷം ഉൽപ്പാദിപ്പിച്ചിട്ടുള്ളവ വിറ്റഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി കുസുമം : പരിശീലനം കിട്ടിയിട്ടുള്ള ആളുകൾക്കു തൊഴിൽ ചെയ്യുന്നതിനു എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുന്നുണ്ടോ ? പരിശീലനം സിദ്ധിച്ചവരിൽ പലർക്കും യാതൊരു തൊഴിലിലും ഏർപ്പെടുവാൻ കഴിയാതെ വീട്ടിൽ ഇരിക്കേണ്ട പരിതസ്ഥിതി സംജാതമായിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു: ഇത്തരം പരിശീലനം കൊടുക്കുന്ന കാര്യത്തെപ്പറ്റി മാത്രമേ ഇപ്പോൾ വിചാരിക്കുന്നുള്ളൂ. പരിശീലനം സിദ്ധിച്ചവർക്കു സ്വന്തമായി ജോലിചെയ്യാം ; അല്ലെങ്കിൽ വല്ല ഫാക്ടറികളിലും പോയി ജോലി നോക്കാം. അതിനു സഹായകരമായ വിധത്തിൽ സർട്ടിഫിക്കറും, ചില സാമ്പത്തിക സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ഒ. കോരൻ : സഹകരണാടിസ്ഥാനത്തിൽ ഇതിനെ സംഘടിപ്പിച്ചു സാമ്പത്തിക സഹായം ചെയ്തുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ സഹകരണസംഘങ്ങൾക്കു പകരം വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു പ്രൊഡക്ഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതുതായി അനുവദിക്കുന്ന പ്രൈമറിസ്കൂളുകളും സെക്കൻഡറി സ്കൂളുകളും.

* 329. [17] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പ്രൈമറിസ്കൂളുകളും സെക്കൻഡറി സ്കൂളുകളും അനുവദിക്കുന്നതു സംബന്ധിച്ചു ഗവണ്മെന്റ് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

(ബി) സ്കൂൾ അനുവദിക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) ഗവണ്മെന്റ് സ്കൂളുകൾ എവിടെയെങ്കിലും തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ഡി) പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാനുള്ള അവകാശമോ, മുൻഗണനയോ ലോക്കൽബാഡീസിനു നൽകുവാൻ ഉദ്ദേശമുണ്ടോ ;

(ഈ) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

മി. സ്പീക്കർ : (എ, ബി, സി) ഈ നേരത്തെ ഉത്തരം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, (ഡി)ക്കും, (ഈ)ക്കും മാത്രം ഉത്തരം പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly